## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1616**

**21-03-2012 ൽ മറുപടിയ്ക്ക്**

### ഞവരക്കൃഷിയുടെ സ്ഥലവിസ്തൃതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഞവരക്കൃഷിയുടെ സ്ഥലവിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് വയനാട്ടിൽ രണ്ട് ഹെക്ടറും, പാലക്കാട് 5 ഹെക്ടറും ഞവര കൃഷി ചെയ്യുന്നുണ്ട്. |
| (ബി) ഞവരയുടെ ഔഷധഗുണം സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ കേരളകാർഷിക സർവ്വകലാശാല നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഉണ്ട്. ഞവര നെല്ലിൽ ഭക്ഷ്യയോഗ്യമായ നാര്, മാംസ്യം, സൂക്ഷ്മമൂലകങ്ങൾ എന്നിവ മറ്റു നെല്ലുകളിലുള്ളതിനേക്കാൾ വളരെ കൂടുതലുണ്ടെന്ന് വൈറ്റില നെല്ലു ഗവേഷണ കേന്ദ്രത്തിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ പഠനങ്ങളിൽ നിന്നും ഞവരനെല്ലിൽ അമിനോ അമ്ലങ്ങൾ സാധാരണ നെല്ലിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തി. ഈ അമിനോ അമ്ലങ്ങളുടെ അളവ് കറുത്ത ഞവരയിൽ സ്വർണ്ണ നിറത്തിലുള്ള ഞവരയേക്കാൾ കൂടുതലാണെന്നും കരപ്രദേശങ്ങളിൽ കൃഷി ചെയ്യുമ്പോൾ പാടത്ത് കൃഷി ചെയ്യുന്നതിനേക്കാൾ കൂടുതലാണെന്നും കണ്ടെത്തുകയുണ്ടായി. |
| (സി) ഞവരക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) ഞവര കൃഷി ഉൾപ്പെടെയുള്ള സുഗന്ധ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 10,000/- രൂപ നിരക്കിലുള്ള സഹായം നൽകുന്നതിനായി 100 ലക്ഷം രൂപ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 816 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ